I/53790/2024

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: ശ്രീകുമാർ ബി)**

വിഷയം :- ഡിഇഎസ് - ജീവനകാര്യം - വകുപ്പിലെ പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽ ഉള്ള ജീവനക്കാരുടെ വിവിധങ്ങളായ പരാതികൾ പരിഹരിക്കുന്നതിലേക്കായി വകുപ്പ് കാര്യാലയത്തിൽ **ഇന്റേണൽ ഗ്രീവൻസ് കമ്മിറ്റി** രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- സർക്കാരിന്റെ 15/12/2022 ലെ സിഡിഎൻ-4/193/2022/പൊ.ഭ.വ നമ്പർ സർക്കുലർ.

**ഉത്തരവ് നമ്പർ : ഡിഇഎസ്/6203/2022-ഇഎ2 ; തീയതി : 27-04-2024**

മേൽ പരാമർശ സർക്കുലർ പ്രകാരം വകുപ്പിലെ പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽ ഉള്ള ജീവനക്കാരുടെ വിവിധങ്ങളായ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിലേക്കായി വകുപ്പ് കാര്യാലയങ്ങളിൽ **ഇന്റേണൽ ഗ്രീവൻസ് കമ്മിറ്റി** രൂപീകരിക്കുവാൻ കമ്മിറ്റിയുടെ മാതൃകയും, ഘടനയും ഉൾപ്പെടെ പരാമർശിച്ചുകൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഈ വകുപ്പിലെ പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽ ഉള്ള ജീവനക്കാരുടെ വിവിധങ്ങളായ പരാതികൾ പരിഹരിക്കുന്നതിലേക്കായി ഈ കാര്യാലയത്തിൽ താഴെ സൂചിപ്പിക്കുന്ന ഘടനയിലും, മാതൃകയിലും **ഇന്റേണൽ ഗ്രീവൻസ് കമ്മിറ്റി** രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥ തലം | കമ്മിറ്റിയിലെ സ്ഥാനപ്പേര് | ഉദ്യോഗസ്ഥന്റെ പേര്/തസ്തിക, മറ്റു വിവരങ്ങൾ |
|---|---|---|---|
| 1 | വകുപ്പിലെ എസ്.എ.ജി ലെവൽ ആഫീസർ | ചെയർപേഴ്സൺ | ഡയറക്ടർ |
| | ഡയറക്ടർ/ഡെപ്യൂട്ടി സെക്രട്ടറി ലെവൽ | | |

| | | | |
|---|---|---|---|
| 2 | ആഫീസർ (കേന്ദ്ര സർക്കാർ നിയമങ്ങളിലും നടപടിക്രമങ്ങളിലും പ്രാവീണ്യമുള്ള ) | മെമ്പർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ |
| 3 | ചീഫ് ലെയ്സൺ ആഫീസർ/ലെയ്സൺ ആഫീസർ (ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത) | മെമ്പർ | ശ്രീമതി. ഷൈലമ്മ കെ, ജോയിന്റ് ഡയറക്ടർ (അഗ്രികൾച്ചർ സെൻസസ്) |
| 4 | ഡയറക്ടർ/ഡെപ്യൂട്ടി സെക്രട്ടറി/ഡെപ്യൂട്ടി ഡയറക്ടർ ലെവലിലുള്ള ഉദ്യോഗസ്ഥൻ | മെമ്പർ | ശ്രീമതി. ശാലിനി പി കെ, ജോയിന്റ് ഡയറക്ടർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, ആർ.എം.ഐ.എസ് സെൽ, തിരുവനന്തപുരം |
| 5 | വകുപ്പിനു പുറത്തുള്ള എസ്.എ.ജി/ഡയറക്ടർ ലെവൽ ആഫീസർ | മെമ്പർ | ശ്രീ. മുരുഗൻ എ, ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം |

മേൽ ഇന്റേണൽ ഗ്രീവൻസ് കമ്മിറ്റി വകുപ്പിലെ പട്ടികഗോത്രവർഗ്ഗ ജീവനക്കാരുടെ i) സംവരണ റോസ്റ്റർ പരിപാലിക്കാതിരിക്കലും, സംവരണം ചെയ്ത ഒഴിവുകൾ നികത്താതിരിക്കലും, ii) സ്ഥാനക്കയറ്റം/സീനിയോരിറ്റി/എംഎസിപി/എസിപി എന്നിവയിലെ വിവേചനം, iii) ആശ്രിത നിയമനം നടത്താതിരിക്കൽ, iv) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളിൽ പ്രതികൂല/താഴ്ന്ന ഗ്രേഡുകൾ അനുവദിക്കുക v) സർവ്വീസിൽ നിന്നും പിരിച്ചുവിടുക/നീക്കം ചെയ്യുക, vi) സ്ഥലംമാറ്റം/നിയമനത്തിൽ വിവേചനം കാണിക്കുക, vii) പെൻഷൻ ആനുകൂല്യങ്ങൾ നിരസിക്കുക തുടങ്ങിയ വിഷയങ്ങളിന്മേലുള്ള പരാതികളുൾപ്പെടെയുള്ളവ പരിശോധിച്ച് പരിഹരിക്കുന്നതിനു വേണ്ടിയുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വകുപ്പ് കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള ആഫീസുകളിലേതുൾപ്പെടെയുള്ള പരാതികളുടെ മാസാന്ത്യ റിപ്പോർട്ട് തയ്യാറാക്കി വകുപ്പ് അദ്ധ്യക്ഷനും, ത്രൈമാസ റിപ്പോർട്ട് താഴെ സൂചിപ്പിക്കുന്ന മാതൃകയിൽ തയ്യാറാക്കി ദേശീയ പട്ടികഗോത്രവർഗ്ഗ കമ്മീഷനും സമർപ്പിക്കേണ്ടതാണ്.

Quarterly Report for the period from ........................... to ...........................

| | | No. of | | Action taken | |
|---|---|---|---|---|---|

I/53790/2024

| Sl. No | No. of grievances registered | grievances successfully redressed | No. of grievances unresolved | against wilful defaulting officer(s) | Remarks |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |

Signed by
Sreekumar B
DIRECTOR
Date: 27-04-2024 23:34:32

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും

പകർപ്പ് : -

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി എ
2. ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, ആർ.എം.ഐ.എസ് സെൽ, തിരുവനന്തപുരം
3. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
5. സ്റ്റോക്ക് ഫയൽ - ഇഎ2 സെക്ഷൻ